**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 850** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം അവസാനമായി പരിഷ്കരിച്ചത് 2015 ലാണ്. ആയത് 100% വർദ്ധിപ്പിക്കുന്നതിനും, അതോടൊപ്പം മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25% വർധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്.

**(ബി)** വന്യജീവി ആക്രമണത്തിൽ കൃഷി, വളർത്തുമൃഗങ്ങൾ എന്നിവക്ക് നാശനഷ്ടം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം സമയബന്ധിതമായി വിതരണം ചെയ്യാൻ അദാലത്തുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നഷ്ടപരിഹാരം സമയബന്ധിതമായി വിതരണം ചെയ്യാൻ ഡിവിഷൻ തലങ്ങളിൽ അദാലത്തുകൾ നടത്തി നടപടി സ്വീകരിച്ചു വരുന്നു.

**(സി)** വനാതിർത്തി പ്രദേശത്തെ കർഷകന്റെ ഭൂമിയുമായി ബന്ധപ്പെട്ട നിരാക്ഷേപ പത്രങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** വനാതിർത്തി പ്രദേശത്തെ കർഷകൻ്റെ ഭൂമിയുമായി ബന്ധപ്പെട നിരാക്ഷേപ പത്രങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാ ക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിച്ച് നടപടികൽ സ്വീകരിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**